സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# കേരളീയ നവോത്ഥാനവും അർണ്ണോസുപാതിരിയും



**ഡോ. രേണുക ഒ***

**സംഗ്രഹം**

കേരളീയ നവോത്ഥാന ചരിത്രത്തിന്റെ നാൾവഴികളിൽ വിദേശത്തുനിന്ന് വന്ന് ഇവിടത്തെ മണ്ണിലും മനസ്സിലും വേരോടിയ പ്രതിഭകൾ കുറവാണ്. അക്കൂട്ടത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന നാമമാണ് അർണ്ണോസ് പാതിരി എന്നറിയപ്പെടുന്ന ജോഹാൻ ഏണസ്റ്റ് ഹാൻക്സിലഡൻ. പതിനെട്ടാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ജർമ്മനിയിൽ നിന്ന് കേരളത്തിലെത്തിയ അദ്ദേഹം, ഒരു മതപ്രചാരകൻ എന്നതിലുപരി മലയാളഭാഷയുടെയും സംസ്കൃതത്തിന്റെയും ഉപാസകനായി മാറി. കേരളത്തിലെ സാമൂഹികവും സാംസ്കാരികവുമായ പരിവർത്തനത്തിന് അക്ഷരങ്ങളിലൂടെ അടിത്തറപാകിയ നവോത്ഥാന നായകരിൽ ഒരാളാണ് അദ്ദേഹം. മലയാള സാഹിത്യത്തിന് ക്രൈസ്തവഭക്തികാവ്യങ്ങളുടെ ഒരു പുതിയ ധാര തന്നെ അദ്ദേഹം സമ്മാനിച്ചു. സംസ്കൃതപണ്ഡിതന്മാരിൽ നിന്ന് സംസ്കൃതവും മലയാളവും ശാസ്ത്രീയമായി അഭ്യസിച്ച പാതിരി ഈ രണ്ടു ഭാഷകളെയും പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വർദ്ധിച്ചു. "വിദേശത്തുനിന്നും കേരളത്തിൽ പാർത്തു മലയാളഭാഷ പഠിച്ച പാതിരിമാരും കേരളീയരായ മതപുരോഹിതരും ഭക്തിപ്രസ്ഥാനത്തിലേക്ക് തനതു സംഭാവനകൾ നൽകിയിട്ടുണ്ട്. അവയിൽ വച്ച് ഏറ്റവും മുന്നിൽ ഓർക്കേണ്ടത് അർണോസുപാതിരിയുടെ കൃതികളാണ്. ഭാഷകൾ പഠിച്ചുറപ്പിച്ചതിനുശേഷം തന്റെ കർമ്മമണ്ഡലത്തിൽ പ്രസക്തമായ ഭാഷാകൃതികളുടെ അഭാവം നികത്താൻ അദ്ദേഹം നിശ്ചയിച്ചു. മറ്റു പാതിരിമാർ ഗദ്യത്തിലാണ് മനസ്സുവച്ചത്; ഇദ്ദേഹമാകട്ടെ കവിതാഗ്രന്ഥങ്ങൾ തന്നെ രചിക്കുകയുണ്ടായി" എന്ന എം. ലീലാവതിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. മലയാള കവിതയെ പണ്ഡിത സദസ്സുകളിൽ നിന്ന് സാധാരണക്കാരിലേക്ക് എത്തിക്കുന്നതിലും, മലയാളഭാഷയ്ക്ക് ആധുനികമായ ഒരു വ്യാകരണ ഘടന നൽകുന്നതിനും അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്. കേരളീയ നവോത്ഥാനം എന്നത് കേവലം ജാതിവിരുദ്ധ പോരാട്ടങ്ങൾ മാത്രമല്ല മറിച്ച് ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിലൂടെ ജനങ്ങളെ പിന്തിരിപ്പിക്കാൻ പ്രാപ്തരാക്കുന്ന പ്രക്രിയ കൂടിയാണെന്ന് അർണോസ് പാതിരിയുടെ ജീവിതം തെളിയിക്കുന്നു. അദ്ദേഹത്തിന്റെ സാമൂഹ്യ സേവനങ്ങളും സാഹിത്യ സംഭാവനകളും എന്നും കേരളീയ സമൂഹത്തിന് വഴികാട്ടിയായി നിലകൊള്ളുന്നു.

**താക്കോൽവാക്കുകൾ:** കേരളീയനവോത്ഥാനം, മിഷണറി ഗദ്യം, പുത്തൻപാന, ചതുരന്ത്യം

* അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് സേവ്യേഴ്സ് കോളേജ് തുമ്പ, തിരുവനന്തപുരം, Mob: 9847466931

 ISSN No: 3049-0316 

പതിനെട്ടാം നൂറ്റാണ്ടിൽ വിജ്ഞാനം എന്നത് സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗത്തിന് മാത്രം പ്രാപ്യമായ ഒന്നായിരുന്നു. ഒരു വിദേശിയായ പാതിരിക്ക് അന്ന് സംസ്കൃതം പഠിക്കുക എന്നത് എളുപ്പമായിരുന്നില്ല. എന്നാൽ അറങ്ങോട്ടുകരയിലെയും പഴയന്നൂരിലെയും ബ്രാഹ്മണ പണ്ഡിതന്മാരുമായി സൗഹൃദം സ്ഥാപിക്കുകയും അവരുടെ പക്കൽനിന്ന് വ്യാകരണവും ശാസ്ത്രങ്ങളും അഭ്യസിക്കുകയും ചെയ്തതിനുശേഷം താൻ പഠിച്ച ഗഹനമായ കാര്യങ്ങൾ കവിതകളിലൂടെ ലളിതമായി അവതരിപ്പിച്ചു. ഉദാഹരണമായി 'പുത്തൻപാന'യിലൂടെ ബൈബിൾ കഥകൾ സാധാരണക്കാരുടെ ഭാഷയിലേക്ക് അവതരിപ്പിച്ചതിലൂടെ അദ്ദേഹം എല്ലാവർക്കും അറിവ് പകർന്നു നൽകാനുള്ള നവോത്ഥാനപ്രക്രിയയ്ക്ക് തുടക്കം കുറിക്കുക കൂടിയായിരുന്നു. കൂടാതെ ഹൈന്ദവ പുരാണങ്ങൾ പാടിയിരുന്ന പാന, കിളിപ്പാട്ട് എന്നീ വൃത്തങ്ങൾ കാവ്യരചനയ്ക്കായി അദ്ദേഹം സ്വീകരിച്ചു. ഇത് മതപരമായ അതിർവരമ്പുകൾ ഭേദിക്കാൻ സഹായിച്ചു. ഉദാഹരണത്തിന് അദ്ദേഹം രചിച്ച സംസ്കൃതകൃതിയായ 'യുധിഷ്ഠിരവിജയം 'വ്യാഖ്യാനം പണ്ഡിതന്മാർക്കിടയിൽ പോലും ശ്രദ്ധേയമായിരുന്നു. ഇതോടൊപ്പം മലയാളഭാഷയെ ആധുനിക ഭാഷയായി വളർത്തുന്നതിൽ വഹിച്ച പങ്കം വളരെ വലുതാണ്. വാക്കുകളെ അക്ഷരമാലാക്രമത്തിൽ അടുക്കിവെക്കുന്നത് ഭാഷാ പഠനത്തിന് എത്രത്തോളം പ്രധാനമാണെന്ന് മനസ്സിലാക്കിയ അർണ്ണോസ് പാതിരി മലയാളത്തിലെ ആദ്യകാല നിഘണ്ടു നിർമാണത്തിന് നേതൃത്വം നൽകുകയും ചെയ്തു. മലയാളത്തിന് സ്വന്തമായ ഒരു വ്യാകരണഘടന നൽകാൻ അദ്ദേഹം ശ്രമിക്കുകയും പില്ക്കാലത്ത് പല വൈയാകരണന്മാർക്കും പ്രചോദനമായി തീരുകയും ചെയ്തു.

ഒരു ജനതയുടെ ആന്തരിക സംസ്കാരത്തിന്റെ സൂചനകൾ ഉള്ളടങ്ങുന്നത് ഭാഷാപരമായ ഉത്പന്നങ്ങളിലാണ്. സർഗാത്മകവും വൈജ്ഞാനികവുമായ സാഹിത്യരചനകൾ, അച്ചടി, പത്രങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഇത്തരം സാംസ്കാരികോത്പന്നങ്ങൾ. ഈ രംഗത്തെല്ലാം വിദേശ മിഷണറിമാരാണ് ആദ്യ ചുവടു വച്ചിട്ടുള്ളത്. ആയിരത്തി അറുന്നൂറ്റി എൺപത്തിയൊന്നിൽ ജർമനിയിലെ ഓസ്റ്റർ കാപ്പളനിൽ ജനിച്ച് ഓസ്ലാ ബ്രൂക്കിൽ പഠനം പൂർത്തിയാക്കിയ ശേഷം ആയിരത്തി എഴുന്നൂറ്റിയൊന്നിന്റെ അവസാനം കേരളത്തിൽ എത്തിയ വിദേശമിഷനറി ആയിരുന്ന അർണ്ണോസ് പാതിരി. ഉത്തര-മധ്യ കേരളത്തിൽ മിഷൻ പ്രവർത്തനത്തോടൊപ്പം മലയാള-സംസ്കൃത ഭാഷകളിൽ പ്രാവീണ്യം നേടിയ അദ്ദേഹത്തെ സാഹിത്യപ്രവർത്തകരായ മറ്റു മിഷണറിമാരിൽനിന്ന് വ്യത്യസ്തനാക്കുന്നത് സർഗാത്മക മേഖലകളിലെ സംഭാവനകളിലൂടെയാണ്. അർണോസ് പാതിരിയുടെ സാഹിത്യജീവിതത്തിന് രണ്ടു തലങ്ങളാണ് ഉള്ളത്. ഒന്ന്, മലയാളഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ; രണ്ട്, ഭാഷയെ പ്പറ്റി അറിവ് പകരുന്ന രചനകൾ. ഇവയിൽ വൈജ്ഞാനികരചനയുടെ കൂട്ടത്തിൽ നിഘണ്ടുകളും വ്യാകരണഗ്രന്ഥങ്ങളും സാഹിത്യരചനയുടെ കൂട്ടത്തിൽ പുത്തൻപാന, ചതുരന്ത്യം, ഉമ്മാർവം, ഉമ്മാടെ ദുഃഖം, വ്യാകുലപ്രബന്ധം, ജനോവാപർവ്വം എന്നിവയാണുള്ളത്.

ക്രൈസ്തവ വിശ്വാസം അനുസരിച്ച് മരണം, വിധി, മോക്ഷം, നരകം ഇവ നാലുമാണ് മനുഷ്യന്റെ അന്ത്യാനുഭവങ്ങൾ. ഭൂമിയിൽ നിന്നുള്ള ദുഃഖകരമായ വേർപാടിനെ മരണപർവ്വത്തിലും, ലോക ജീവിതത്തിൽ ചെയ്തുപോയ പുണ്യപാപങ്ങൾക്ക് കൂലി വാങ്ങുവാനായി വിധി കർത്താവിന്റെ മുൻപിൽ നിൽക്കുന്ന മനുഷ്യാത്മാവിന്റെ അവസ്ഥയെ വിധി പർവ്വത്തിലും, പുണ്യാത്മാക്കൾക്ക് ലഭിക്കുന്ന സ്വർഗീയ ഭാഗ്യാനുഭവങ്ങളെ മോക്ഷപർവ്വത്തിലും, ദുരാത്മാക്കൾക്ക് ലഭിക്കുന്ന ഭീകര ദുരിത ശിക്ഷകളെ നരകപർവ്വതത്തിലും വിസ്തരിച്ചു വർണ്ണിക്കുന്ന കാവ്യമാണ് ചതുരന്ത്യം. മലയാളകവിതയിൽ മരണം ഒരു വ്യക്ത്യനുഭവമായി ആദ്യം കടന്നുവരുന്നതും മരണപർവത്തിലാണ്. തന്റെ ജീവിതത്തിന് തിരശ്ശീല വീഴ്ത്താൻ ഒരുങ്ങി കൊണ്ട് മരണമൊരു മനുഷ്യന്റെ കിടയ്ക്കക്കരുകിൽ പതുങ്ങി നിൽക്കുകയാണ് മരണപർവ്വത്തിൽ.

"അന്തഗഹൃദ് വാർത്തകൾക്കേ,സ്മരിക്കഹോ
അന്ത നരാമയ ധീ: ചാരവ്വം" -ചതുരന്ത്യം, മരണപർവ്വം; ഈരടി [1]

എന്ന് ഈരടിയിലൂടെ വിഷയം അവതരിപ്പിച്ചുകൊണ്ട് കവി നേരെ മരണ ചിന്തയിലേക്ക് കടക്കുന്നു. അവസാന ഭാഗത്ത് തന്റെ മരണവേളയിൽ സഹായകമാകേണയെന്ന് ദേവമാതാവിനോട് അപേക്ഷിക്കുന്ന ഘട്ടത്തിൽ അയാൾ വീണ്ടും ഓർമ്മിപ്പിക്കുന്നു.

"മരണം നിങ്ങൾക്കുമൊരുകാലം വരും
പരാപരേശ്വര കൽപ്പനയാൽ
കാലമൊരുത്തർക്കും നിശ്ചയമില്ലല്ലൊ
എല്ലാക്കാലങ്ങളിൽ പേടിക്കണം

എവിടെയെന്നതും നിശ്ചയമില്ലല്ലോ
സർവ്വസ്ഥലങ്ങളിൽ ശങ്ക വേണം
ഏത് പ്രകാരത്തിലും മൃത്യുവരുന്നതോ
അതുമറിഞ്ഞു കൂടാതല്ലോ.."     - മരണപർവ്വം , ഈരടി 440 - 443

ഇത്തരത്തിൽ ദാർശനികമായ കാര്യങ്ങൾ സാധാരണക്കാരന്റെ യുക്തിക്കനുസരിച്ച് അവതരിപ്പിച്ചു എന്നതിലാണ് ഇതിന്റെ വിപ്ലവം അടങ്ങിയിരിക്കുന്നത്.കിളിപ്പാട്ട്, പാന വൃത്തങ്ങളോടൊപ്പം നാതോന്നത തുടങ്ങിയ ദ്രാവിഡ വൃത്തങ്ങളും സംസ്കൃത ശൈലിയും സമന്വയിപ്പിച്ചിരിക്കുന്ന കാവ്യമാണ് ചതുരന്ത്യം.

ദ്രാവിഡവൃത്തത്തിലുള്ള കാവ്യമാണ് ഉമ്മാപർവം. പരിശുദ്ധ കന്യാമറിയത്തിന്റെ ജീവചരിത്രം ആണ് ഇതിലെ പ്രതിപാദ്യം. മറിയത്തിന്റെ ജീവിതകഥ ചുരുക്കിപ്പറയുന്ന പാതിരി ഔസേപ്പിന്റെ കഥയും അതിന്റെ ഭാഗമായി ആഖ്യാനം ചെയ്യുന്നു. യേശുവിന്റെ ജനനവും ബാല്യവും ആരംഭവും വിശദമായി പ്രതിപാദിക്കുന്നുണ്ട് ഇതിൽ. കൂദാശപ്പാനയിലെ പോലെ പീഡാനുഭവത്തിന് തൊട്ടുമുൻപ് അമ്മയോട് യാത്ര പറയാൻ യേശു എത്തിച്ചേരുകയും തുടർന്ന് ഉയർത്ത ഉടനെയും സ്വർഗ്ഗാരോഹണത്തിന് തൊട്ടുമുമ്പും രണ്ടുതവണ കൂടി യേശു അമ്മയെ കണ്ടു ആശ്വസിപ്പിക്കുകയും വിടവാങ്ങുകയും ചെയ്യുന്ന യമകം, ആദ്യാക്ഷര പ്രാസം, ദ്വിതീയാക്ഷര പ്രാസം, അനുപ്രാസം തുടങ്ങിയ ശബ്ദാ അലങ്കാരങ്ങളുടെ മേളനം ഉമ്മപർവ്വത്തിന്റെ സവിശേഷതയാണ് .

"പ്രസവഫലമീശോ പേർകൊണ്ടു വിളിക്കണം
പ്രസവത്തിനാൽ വന്ന ദോഷങ്ങളിയാൾ പോക്കും"( ഉമ്മാ പർവം, ഈരടി 92)

ഈ ഈരടികൾ യമകാലങ്കാരത്തിന് ഉദാഹരണമാണ്.

"അന്നാളുകളിൽ വച്ച് മുഖ്യനാം ഔസേപ്പുതാൻ
അന്നാളുകളിൽ മോക്ഷയാത്രയ്ക്കുദ്യുക്തനായി .."- ഉമ്മാ പർവ്വം ഈരടി - 160

ഈ ഈരടികൾ യമകാലങ്കാരത്തിന് ഉദാഹരണം.ഭാഷയുടെ മേൽ അർണോസ്പാതിരി നേടിയ ആധിപത്യമാണ് ഇവിടെയെല്ലാം പ്രകടമാകുന്നത്.

ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമായ ബൈബിളിന് മലയാളത്തിൽ ആദ്യം ഉണ്ടായ ഒരു സംഗ്രഹീത പുനരാഖ്യാനമാണ് പുത്തൻപാന എന്ന കൂദാശപ്പാന. ഈ കൃതിയിലൂടെ പാതിരി ബൈബിൾ നാമങ്ങളും, ശൈലികളും, രൂപകങ്ങളും ഉപമകളും, സാരോപദേശങ്ങളും നിറഞ്ഞ പുതിയ ഒരു സംസ്കാരവും ജീവിത ദർശനവും കേരളീയരുടെ അനുഭവസീമയിലേക്ക് കൊണ്ടുവന്നു. മിശിഹായുടെ പാന എന്നും രക്ഷാചരിതകീർത്തനം എന്നും പേരുള്ള ഈ കൃതി യേശുക്രിസ്തുവിന്റെ ജീവചരിത്രത്തെ ആസ്പദമാക്കി സർപ്പിണി വൃത്തത്തിൽ എഴുതിയതാണ്. ഓരോ ഘട്ടത്തിലും പാദം എന്ന പേരിട്ടിരിക്കുന്ന പതിമൂന്ന് പാദങ്ങളുള്ള ഈ കൃതി അമ്പതു നോമ്പുകാലങ്ങളിൽ ക്രിസ്തീയ ഭവനങ്ങളിൽ നിത്യപാരായണത്തിന് ഉപയോഗിച്ചു വരുന്നു. യേശുക്രിസ്തുവിന്റെ ജീവചരിത്രം ആണ് പുത്തൻപാനയുടെ പ്രതിപാദ്യം. ലോകത്തിന്റെ സൃഷ്ടി, മാലാഖമാരുടെയും മനുഷ്യന്റെയും പതനം, പശ്ചാത്താപാർദ്രരായ മനുഷ്യർ ദൈവത്തിന്റെ കൃപ തേടുന്നത്, ദൈവം വീണ്ടെടുപ്പ് എന്ന ലക്ഷ്യത്തോടെ തന്റെ മകനെ ഭൂമിയിലേക്ക് അയക്കാൻ തീരുമാനിക്കുന്നത്- ഇത്രയും കാര്യങ്ങൾ ഒരാമുഖം പോലെ സംക്ഷേപിച്ചിട്ടാണ് ക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള പുതിയ നിയമകഥ സവിസ്തരം പ്രതിപാദിക്കുന്നത്. യേശുവിന്റെ ജീവിതകഥ വർണ്ണിക്കുക എന്ന സാമാന്യമായ ലക്ഷ്യമല്ല വീണ്ടെടുപ്പിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതോടൊപ്പം ക്രിസ്തുചരിതം അവതരിപ്പിക്കുക എന്നതുമാണ് രചയിതാവിന്റെ ലക്ഷ്യമെന്ന് ഈ കാവ്യഘടന സൂചിപ്പിക്കുന്നു. പുതിയ നിയമത്തോടൊപ്പം കത്തോലിക്കാ പാരമ്പര്യവുമായി ബന്ധപ്പെട്ട ക്രൈസ്തവ മിത്തുകളും കവി കൂട്ടിച്ചേർക്കുന്നുണ്ട് .

തനിക്ക് സുപരിചിതമായ ഏതെങ്കിലും പാശ്ചാത്യ രചനാക്രമത്തിൽ കവിത ചമയ്ക്കാനല്ല അർണ്ണോസ് പാതിരി തയ്യാറായത്. അദ്ദേഹം സ്വീകരിച്ച വൃത്തങ്ങൾ (പാന, നതോന്നത, കേക, കാകളി, മഞ്ജരി, ഉപേന്ദ്രവജ്ര, ഉപജാതി) എല്ലാം കേരളീയമാണ്. ഭാഷാക്രമവും (രചനാശൈലിയും) തികച്ചും കേരളീയം തന്നെ. ക്രൈസ്തവ കഥകൾ ആഖ്യാനം ചെയ്യുമ്പോൾ ഒട്ടേറെ വൈദേശികപദങ്ങൾ സമാന മലയാളപദങ്ങളുടെ അഭാവം കൊണ്ട് വായനക്കാർക്ക് അസ്വാരസ്യമുണ്ടാക്കുന്ന വിധത്തിൽ കടന്നുവരാവുന്നതായിരുന്നു. പക്ഷേ, അവയെല്ലാം വിദഗ്ധമായി അതിജീവിക്കാൻ കവിയ്ക്ക് കഴിഞ്ഞു. പുരുഷ, വചന, വിഭക്തി പ്രത്യയങ്ങൾ സന്ദർഭോചിതമായി ഇണക്കിച്ചേർത്ത് വൈദേശിക പദങ്ങൾ എത്രയും പരമാവധി മലയാള ശൈലിയിലേക്ക് മാറ്റാനാണ് പാതിരി

 ISSN No: 3049-0316 

ശ്രമിച്ചത്. പർവ്വം എന്ന തലക്കെട്ട് നൽകി അധ്യായ വിഭജനം നടത്തുന്ന രീതി മഹാഭാരതത്തിലേതാണ്. ഈ മാതൃക പിന്തുടരുന്ന കവി തന്റെ കൃതികൾക്ക് മരണപർവം, നരകപർവം എന്നിങ്ങനെ പേരുകൾ നൽകി. ചുരുക്കത്തിൽ വൈദേശികനായ ഒരു ഭാഷാസ്നേഹി മലയാളവും സംസ്കൃതവും പഠിച്ച് ക്രൈസ്തവ വിശ്വാസത്തിനാധാരമായ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും മറ്റും പ്രചോദനം ഉൾക്കൊണ്ട് രചിച്ച കാവ്യങ്ങൾ ഒരു കാലഘട്ടത്തിന്റെ ഒരു ജനതയുടെ സാംസ്കാരിക ഉത്പന്നമായി തീർന്നുവെന്ന് നിസ്സംശയം പറയാം.

മലയാളഭാഷചരിത്രത്തിൽ ആധുനികതയുടെയും ശാസ്ത്രീയതയുടെയും വിത്തുകൾ പാകിയ വ്യക്തി യാണ് അർണ്ണോസുപാതിരി. ഭാഷയെ വെറുമൊരു വിനിമയ ഉപാധിയായി കാണാതെ അതിനെ ഒരു വ്യവസ്ഥാപിതശാസ്ത്രം (systematic Science) ആയി മാറ്റുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്. മലയാളഭാഷയിൽ വാക്കുകൾക്ക് കൃത്യമായ അർത്ഥവും സ്ഥാനവും നൽകുന്നതിൽ നിഘണ്ടുക്കൾക്ക് വലിയ പങ്കുണ്ട്. അർണ്ണോസ് പാതിരി തയ്യാറാക്കിയ മലയാളം - പോർച്ചുഗീസ് നിഘണ്ടു ഈ രംഗത്തെ വിപ്ലവകരമായ ചുവടുവെപ്പായിരുന്നു. അതിനായി നാട്ടുകാർക്കിടയിൽ പ്രചാരത്തിലിരുന്ന പച്ചമലയാളം വാക്കുകളും ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരുന്ന സംസ്കൃതപദങ്ങളും അദ്ദേഹം ശേഖരിച്ചു. ഓരോ വാക്കിനും സമാനമായ അർത്ഥങ്ങൾ നൽകുക വഴി ഭാഷഭാഷയുടെ വിനിമയശേഷി വർദ്ധിപ്പിക്കുകയും പാശ്ചാത്യർക്ക് മലയാളം പഠിക്കാനും മലയാളികൾക്ക് തങ്ങളുടെ ആശയങ്ങൾ ലോകത്തെ അറിയിക്കാനും ഇത് സഹായിച്ചു. അതോടൊപ്പം മലയാളഭാഷയ്ക്ക് സ്വന്തമായ ഒരു വ്യാകരണവ്യവസ്ഥ നിലവിൽ ഉണ്ടായിരുന്നെങ്കിലും, അതിനെ ആധുനികമായ രീതിയിൽ ക്രോഡീകരിച്ചത് പാതിരിയാണ്. മലയാളത്തിലെ വാചകങ്ങൾ എങ്ങനെ രൂപപ്പെടണം എന്നതിനെക്കുറിച്ച് അദ്ദേഹം വ്യക്തമായ നിയമങ്ങൾ കൊണ്ടുവന്നു. കർമ്മണിപ്രയോഗം, കർത്തരി പ്രയോഗം എന്നിവയെ പാശ്ചാത്യ വ്യാകരണനിയമങ്ങളുമായി താരതമ്യം ചെയ്തു പഠിക്കുകയും സംസ്കൃതത്തിലെയും മലയാളത്തിലെയും വിഭക്തി രൂപങ്ങളെക്കുറിച്ച് (ഉദാഹരണത്തിന് -ന്, -ന്റെ, -ൽ) ആഴത്തിൽ പഠനം നടത്തുകയും അവയെ ക്രമപ്പെടുത്തുകയും ചെയ്തു. അക്കാലത്ത് സംസ്കൃതവും മലയാളവും കലർന്ന മണിപ്രവാള ശൈലി സങ്കീർണ്ണം ആയിരുന്നുവെങ്കിലും അർനോസ് പാതിരി ലളിതമായ സംസ്കൃത പദങ്ങളെ മലയാളവുമായി കൂട്ടിയിണക്കിമണിപ്രവാള ശൈലി നവീകരിച്ചു. ഉദാഹരണത്തിന് 'പുത്തൻപാന'യിൽ സംസ്കൃത പദങ്ങൾ ഉപയോഗിക്കുമ്പോഴും അവയുടെ ലാളിത്യം ചോർന്നുപോകാതെ സൂക്ഷിച്ചു. 'ദൈവം' , 'നരകം', 'സ്വർഗം' തുടങ്ങിയ പദങ്ങളെ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ അദ്ദേഹം കൃതികളിൽ വിന്യസിച്ചു. യേശുവിനെ 'ദൈവസുതൻ' എന്നും മറിയത്തെ 'കന്യകാമണി' എന്നും വിശേഷിപ്പിച്ചത് കേരളീയ കാവ്യ സങ്കൽപ്പങ്ങൾക്ക് അനുസരിച്ചാണ്.

അച്ചടി കേരളത്തിൽ വ്യാപകമാകുന്നതിന് മുൻപുള്ള കാലമായിരുന്നിട്ടും അന്ന് കൈയെഴുത്ത് പ്രതികളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും മലയാളം എഴുതുന്ന രീതിയിൽ ഒരു ഐകരൂപ്യം (യൂണിഫോമിറ്റി) കൊണ്ടുവരാൻ അദ്ദേഹത്തിന്റെ എഴുത്തുകൾ സഹായിച്ചു. വാക്കുകൾക്കിടയിൽ വിടവ് നൽകുന്നതും വാക്യങ്ങൾ അവസാനിപ്പിക്കുന്ന രീതിയും ആധുനിക മലയാളം എഴുത്ത് രീതിയോട് അടുത്തുനിൽക്കുന്നവരായിരുന്നു. പച്ചമലയാളം എന്ന് വിളിക്കപ്പെടുന്ന ലളിത മലയാളത്തിന് പ്രാധാന്യം നൽകിയിരുന്നു അദ്ദേഹത്തിന്റെ ശൈലി. മലയാളത്തിലെ തനത് വൃത്തമായ പാന അദ്ദേഹം തന്നെ കൃതികളിൽ സ്വീകരിച്ചതുമൂലം സാധാരണക്കാരായ ജനങ്ങൾക്ക് കാവ്യങ്ങൾ പാടി നടക്കാനും ഓർത്തിരിക്കാൻ എളുപ്പമായി തീർന്നു. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ വിവരിക്കുമ്പോൾ വായനക്കാരന്റെ ഉള്ളിൽ ദയയും സങ്കടവും ജനിപ്പിക്കുന്ന രീതിയിലുള്ള പദപ്രയോഗങ്ങളാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. കേരളീയമായ പശ്ചാത്തലത്തിൽ പ്രകൃതിയെയും വികാരങ്ങളെയും മുൻനിർത്തിയാണ് അദ്ദേഹം ബൈബിൾ കഥകൾ അവതരിപ്പിച്ചത്.

"കണ്ണുനീരാലെ കുളിച്ചല്ലോ മുഖവും മകനെ നിനക്കിപ്പോൾ
ഉണ്ണീ നീ എവിടെപ്പോയ് മകനേ
നിൻ തൃക്കണ്ണുകൾ അടഞ്ഞല്ലോ"

ഇവിടെ 'ഉണ്ണീ' എന്ന വാത്സല്യപൂർവ്വമായ സംബോധന കേരളീയ സംസ്കാരത്തിന്റെ ഭാഗമാണ്. ഇപ്രകാരം മറിയത്തിന്റെ വിലാപത്തിൽ പുത്രനെ നഷ്ടപ്പെട്ട ഒരു അമ്മയുടെ ദുഃഖം ചിത്രീകരിക്കുന്നത് കേരളത്തിലെ സാധാരണക്കാരുടെ വിലാപങ്ങളോട് സാമ്യമുള്ള രീതിയിലാണ്. ഭാഷയെ വെറും പദസമുച്ചയമായി കാണാതെ വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള ഉപാധിയായി ഭാഷയെ മാറ്റി. ഉദാഹരണത്തിന് പുത്തൻപാനയിലെ പന്ത്രണ്ടാം പാദത്തിൽ മറിയത്തിന്റെ വിലാപം വിവരിക്കുന്നത് നോക്കുക:

"അമ്മേ മകനെ നിനക്കിപ്പോൾ അൻപാലുരുക്കും കണ്ണുനീരും
നന്നായൊഴുകിപ്പരക്കുന്നു - കാണ്മാൻ കഴിഞ്ഞോരറിവില്ലാ"

ഇത്രയും ലളിതവും എന്നാൽ അർത്ഥവത്തുമായ വരികൾ അക്കാലത്തെ ഭാഷാപ്രയോഗത്തിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഇപ്രകാരമുള്ള രചനാശൈലി സാധാരണക്കാരനും അക്ഷരങ്ങളിലേക്കുള്ള വഴിതുറന്നു കൊടുത്തു. പണ്ഡിതന്മാർക്കുമാത്രം കുത്തകയായിരുന്ന സാഹിത്യത്തെ സാധാരണക്കാരുടെ ഇടയിലേക്ക് എത്തിക്കാൻ പാതിരിയുടെ വ്യാകരണ നിഘണ്ടു പ്രവർത്തനങ്ങൾ സഹായിച്ചു. മലയാളസാഹിത്യ ചരിത്രത്തിൽ ഭക്തിപ്രസ്ഥാനത്തിന് വലിയ സ്ഥാനം ഉണ്ടായത് തുഞ്ചത്തെഴുത്തച്ഛനിലൂടെയാണ്. അദ്ദേഹം കിളിപ്പാട്ടു കളിലൂടെ ഹൈന്ദവഭക്തിപ്രസ്ഥാനത്തിന് അടിത്തറ പാകിയതു പോലെ, ക്രൈസ്തവ ഭക്തികാവ്യശാഖയ്ക്ക് ലാവണ്യവും ജനകീയതയും നൽകിയത് അർണോസ് പാതിരിയാണ്. അദ്ദേഹത്തിന്റെ രചനകൾ വെറും മതഗ്രന്ഥങ്ങൾ അല്ല; മറിച്ച് മലയാള കവിതയുടെ രൂപഘടനയെയും ആവിഷ്കാരശൈലിയെയും നവീകരിച്ച വിപ്ലവകരമായ കൃതികളാണ്.

## ഉപസംഹാരം

കേരളീയ നവോത്ഥാന ചരിത്രത്തിൽ അർണോസ് പാതിരിയുടെ സ്ഥാനം കേവലം ഒരു മിഷനറി എന്നതിലുപരി ഒരു സാംസ്കാരികപരിഷ്കർത്താവ് എന്നനിലയിലാണ് അടയാളപ്പെടുത്തുന്നത്. അദ്ദേഹം ജീവിച്ചിരുന്ന പതിനെട്ടാം നൂറ്റാണ്ടിലെ കേരളം ജാതീയമായ വേർതിരിവുകളും അന്ധവിശ്വാസങ്ങളും നിറഞ്ഞതായിരുന്നു. അത്തരമൊരു കാലഘട്ടത്തിൽ ഭാഷയിലൂടെയും സാമൂഹ്യ ഇടപെടലുകളിലൂടെയും അദ്ദേഹം കൊണ്ടുവന്ന മാറ്റങ്ങൾ നവോത്ഥാന മൂല്യങ്ങളുടെ ആദ്യകാല അടയാളങ്ങളാണ്. നവോത്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മൂല്യം അറിവ് എല്ലാവർക്കും ലഭ്യമാക്കുക എന്നതാണല്ലോ. തൃശ്ശൂരിലെ വേലൂർ കേന്ദ്രമാക്കി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളിൽ പ്രധാനം സാധാരണക്കാർക്ക് അറിവ് പകർന്നുനൽകുക എന്നതായിരുന്നു. പണ്ഡിതന്മാർക്ക് മാത്രം പരിമിതമായിരുന്ന സംസ്കൃതവും കാവ്യശാസ്ത്രവും പഠിച്ച പാതിരി ആ അറിവ് തന്റെ രചനയിലൂടെയും സംവാദങ്ങളിലൂടെയും സാധാരണക്കാരിലേക്ക് എത്തിച്ചു. അതോടൊപ്പം അക്കാലത്ത് എഴുത്തും വായനയും അറിയാത്ത സാധാരണക്കാരെ മലയാളം പഠിപ്പിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. മലയാളം - പോർച്ചുഗീസ് നിഘണ്ടുവും വ്യാകരണ ഗ്രന്ഥങ്ങളും അദ്ദേഹം തയ്യാറാക്കിയത് വിദേശികൾക്ക് മലയാളം പഠിക്കാൻ മാത്രമല്ല, ഭാഷയെ ഒരു ശാസ്ത്രമായി വളർത്താൻ കൂടിയായിരുന്നു. അർണ്ണോസു പാതിരിയുടെ ജീവിതം തന്നെ വലിയൊരു മതസൗഹാർദ്ദ സന്ദേശമായിരുന്നു. സംസ്കൃതവും തച്ചശാസ്ത്രവും അഭ്യസിച്ചത് തൃശ്ശൂരിലെ പഴയന്നൂർ മനയിലെ ബ്രാഹ്മണ പണ്ഡിതന്മാരിൽ നിന്നായിരുന്നു. ഒരു കത്തോലിക്കാ വൈദികൻ ബ്രാഹ്മണപണ്ഡിതന്മാരുടെ അടുക്കൽ ശിഷ്യത്വം സ്വീകരിക്കുന്നത് അന്നത്തെ കാലത്ത് വിപ്ലവകരമായ ഒന്നായിരുന്നു. തന്റെ രചനകളിൽ ഹൈന്ദവ കാവ്യ ശൈലികളും വൃത്തങ്ങളും ഉപയോഗിച്ചു സാംസ്കാരിക വിനിമയം സാധ്യമാക്കി. പുത്തൻപാനയും ചതുരന്ത്യവും വായിക്കുമ്പോൾ ഒരു മലയാളിയുടെ തനത് ശൈലിയാണ് അനുഭവപ്പെടുക. ഇത് മതങ്ങൾക്കിടയിലെ സാംസ്കാരികമായ അകലം കുറയ്ക്കാൻ സഹായിച്ചു. ഒരു മിഷനറി എന്ന നിലയിൽ അദ്ദേഹം പതിതരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടേയും ഇടയിലാണ് പ്രവർത്തിച്ചത്. വേലൂർ ഭാഗത്ത് പടർന്നു പിടിച്ചിരുന്ന വസൂരി പോലുള്ള രോഗങ്ങൾ ബാധിച്ചവരെ പരിചരിക്കാനും അവർക്ക് ആശ്വാസം നൽകാനും പാതിരി മുന്നിലുണ്ടായിരുന്നു. ജാതിഭേദമന്യേ അദ്ദേഹം നടത്തിയ സേവനങ്ങൾ അന്നത്തെ സമൂഹത്തിൽ വലിയ സ്വാധീനംചെലുത്തി. അടിച്ചമർത്തപ്പെട്ടവരുടെ ഉന്നമനത്തിനായി ജാതീയമായ വിവേചനം അനുഭവിച്ചിരുന്ന ജനവിഭാഗങ്ങൾക്ക് ആത്മവിശ്വാസം നൽകാനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അദ്ദേഹം പരിശ്രമിച്ചു. സാമൂഹ്യ നവോത്ഥാനത്തിന്റെ ഭാഗമായി അദ്ദേഹം നൽകിയ മറ്റൊരു സംഭാവനയാണ് വാസ്തുവിദ്യ. തന്റെ മേൽനോട്ടത്തിൽ നിർമ്മിച്ച വേലൂർ പഴയ പള്ളിയിൽ കേരളീയ വാസ്തുവിദ്യയുടെയും പാശ്ചാത്യ ശൈലിയുടെയും മനോഹരമായ സംഗമം പ്രകടമാണ്. ഈ നിർമ്മാണത്തിലൂടെ നാട്ടിലെ ആശാരിമാർക്കും തൊഴിലാളികൾക്കും പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടാനുള്ള അവസരമൊരുക്കി. ഈ പള്ളിയിന്ന് സംരക്ഷിത സ്മാരകമായി നിലകൊള്ളുന്നു. ചുരുക്കത്തിൽ വിദേശസംസ്കാരം അടിച്ചേൽപ്പിക്കുന്നതിനു പകരം ഇവിടത്തെ ഭാഷയെയും കലയെയും സ്നേഹിച്ചുകൊണ്ടുള്ള നവോത്ഥാനമാണ് അദ്ദേഹം കാഴ്ചവച്ചത്. അർണ്ണോസ് പാതിരിയുടെ നവോത്ഥാന മൂല്യങ്ങൾ അക്ഷരങ്ങളിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. അത് വിജ്ഞാനത്തിന്റെ ജനകീയവൽക്കരണവും മതസൗഹാർദവും മാനവികതയുമായിരുന്നു. കേരളീയ നവോത്ഥാനത്തിന്റെ പുലരിയിൽ വിദേശത്തുനിന്നെത്തിയ ഒരു അക്ഷരദീപമായി അർണോസ് പാതിരിയെന്നും സ്മരിക്കപ്പെടുന്നു.

 ISSN No: 3049-0316 

## സഹായകഗ്രന്ഥങ്ങൾ


1. അർണോസ് പാതിരി ഒരു പഠനം - എഡി. ഡോ. സി. ലിസീനിയ സി.എം.സി., ഫാ. സണ്ണി ജോസ് എസ്. ജെ., അർണോസ് പാതിരി അക്കാദമി, വെലൂർ, 1995
2. അർണോസ് പാതിരിയുടെ കാവ്യങ്ങൾ - ഡോ. എൻ. സാം, ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. ഡി. ബഞ്ചമിൻ - കറന്റ് ബുക്സ്, തിരുവനന്തപുരം, 2002
3. കേരള സംസ്കാരവും ക്രൈസ്തവ മിഷനറിമാരും - ഡോ. പോൾ മണവാളൻ ഡി.സി ബുക്സ്, കോട്ടയം, 1990
4. ഭാഷാശൈലീപ്രദീപം - വടക്കുംകൂർ രാജരാജവർമ്മ
5. മലയാളം കവിതാസാഹിത്യ ചരിത്രം - എം ലീലാവതി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1996
6. സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ - എഡി. ഡോ. കെ.എം. ജോർജ്
7. മലയാളം നവോത്ഥാന ചിന്തകൾ - ഡോ. എം.എം. ബഷീർ